# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 19-06-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 3259

## തുറമുഖങ്ങളെ മറ്റ് ഗതാഗതമാർഗങ്ങളുമായി ബന്ധിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീമതി. സി.കെ. ആശ :<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :<br>ശ്രീ. കെ. രാജൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളെ ഉൾനാടൻ ജലഗതാഗതപാതയുമായി ബന്ധിപ്പിക്കുന്നതിന് നീക്കമുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്. കേരളത്തിൽ ചെറുകിട തുറമുഖങ്ങൾ വഴി തീരദേശ കപ്പൽ ഗതാഗത പദ്ധതി തുറമുഖവകുപ്പ് നടപ്പിലാക്കിവരുന്നു. തീരദേശപാതയേയും ഉൾനാടൻ ജലപാതയേയും ബന്ധിപ്പിച്ച് കേരളത്തെ ഒരു മൾട്ടി മോഡൽ ഹബ് ആക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഏതൊക്കെ തുറമുഖങ്ങളെയാണ് ഉൾനാടൻ ജലഗതാഗതപാതയുമായി ബന്ധപ്പെടുത്തുന്നതെന്നും അത് എത്ര ഘട്ടമായി നടപ്പാക്കുമെന്നും വ്യക്തമാക്കുമോ ; | (ബി) കായംകുളം , കൊടുങ്ങല്ലൂർ തുറമുഖങ്ങൾ നിലവിലെ ദേശീയജലപാത- 3 – യുമായി വളരെ അടുത്താണ് സ്ഥിതിചെയ്യുന്നത്. മേൽ തുറമുഖങ്ങളെ River Sea Terminal ആയി വികസിപ്പിച്ച് തീരദേശ ഉൾനാടൻ ജലപാതകളെ ബന്ധിപ്പിക്കുന്ന പദ്ധതി പരിഗണനയിലുണ്ട്. തീരദേശ / ഉൾനാടൻ ജലപാതകൾ വഴിയുള്ള ചരക്കുനീക്കം കാര്യക്ഷമമാകുന്നതോടെ മേൽ വികസനം വിശദമായ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതാണ്. |
| (സി) ചെറുകിട തുറമുഖങ്ങളെ ദേശീയപാതയുമായും, റെയിൽവേ സ്റ്റേഷനുകളുമായും ബന്ധിപ്പിക്കുന്നതിന് നീക്കമുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (സി) ഉണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലെ റോഡ് / റയിൽ ബന്ധം വികസിപ്പിക്കുന്നതിന് സാദ്ധ്യതാപഠനവും വിശദമായ പദ്ധതിരേഖയും തയ്യാറാക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിലുള്ള Indian Port Rail Corporation Ltd (IPRCL) – നെ സംസ്ഥാന സർക്കാർ സമീപിച്ചിട്ടുണ്ട്. ഐ.പി.ആർ.സി.എൽ ഉദ്യോഗസ്ഥർ അഴീക്കൽ , ബേപ്പൂർ തുറമുഖങ്ങൾ സന്ദർശിച്ച് മേൽ പ്രവർത്തിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. കൊല്ലം തുറമുഖത്തെ റോഡ് / റയിൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതാപഠനവും IPRCL മുഖാന്തിരം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ